കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് നഗരകാര്യം ചാലക്കുടി നഗരസഭ മരണമടഞ്ഞ വി.പ്രദീപ്കുമാർ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്ന കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം.3635/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 04/12/2015.

---

പരാമർശം : നഗരകാര്യ ഡയറക്ടറുടെ 14/09/2015 തിയതിയിലെ ജി2-4518/15(1) നമ്പർ കത്ത്.

## ഉത്തരവ്

ചാലക്കുടി നഗരസഭയിൽ ചെയിൻമാൻ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ 02/01/2007 ൽ മരണമടഞ്ഞ വി.പ്രദീപ് കുമാറിന്റെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ടിയാൻ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന 01/03/2003 മുതൽ 30/06/2003 വരെയുള്ള 122 ദിവസങ്ങൾ ശൂന്യവേതനാവധി അനുവദിക്കുന്നതിന് നഗരകാര്യ ഡയറക്ടർ പരാമർശം പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 02/01/2007 ൽ മരണമടഞ്ഞ വി.പ്രദീപ് കുമാർ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന 01/03/2003 മുതൽ 30/06/2003 വരെയുള്ള 122 ദിവസങ്ങൾ കെ എസ് ആർ ഭാഗം 1 ചട്ടം 88 പ്രകാരം ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സോണിയ വാഷിംഗ് ടൺ,
അണ്ടർ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
വി.പ്രദീപ് കുമാറിന്റെ ആശ്രിതർക്ക്.(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.